(സി) കായംകുളം താപനിലയത്തിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പ്രതിവർഷം 3941.9 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള അധിക ഉല്പാദന ശേഷി കൈവരിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി വെച്ചിട്ടുണ്ട്.†

(സി) 1950 മെഗാവാട്ട് കൂടി ഉല്പാദന ശേഷി വർദ്ധിപ്പിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രിയെ സംസ്ഥാന ഇലക്ട്രിസിറ്റിയും സഹകരണവും വകുപ്പു മന്ത്രി നേരിൽ കണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

വിദ്യുച്ഛക്തി ഉല്പാദന വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനായി നടപടി

83 (248) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യുച്ഛക്തി ഉല്പാദന വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യുച്ഛക്തി വകുപ്പ് വിഭജിക്കുന്നതിനും എന്തെങ്കിലും നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വരുംവർഷങ്ങളിലെ വിദ്യുച്ഛക്തിയുടെ ഉപഭോഗം കണക്കിലെടുത്ത് വൈദ്യുതി ഉല്പാദന രംഗത്ത് എന്തൊക്കെ മുൻ കരുതൽ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ആന്റ് (സി) ഉദ്ദേശമില്ല.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വൈദ്യുതി ഉല്പാദനവും ഉപഭോഗവും

84 (249) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

---

†അനുബന്ധം XII, XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 82 (247) ന്റെ 'ബി' ഉത്തരം ദയവായി കാണുക]

ലോവർ പെരിയാർ (180 മെഗാവാട്ട്)കക്കാട് (50 മെ.വാ) പി.എൽ.ബി.ഇ. (16മെ.വാ) മലമ്പുഴ (2.5 മെ.വാ) എന്നീ ജലവൈദ്യുതി പദ്ധതികളും കോഴിക്കോട് (128 മെ.വാ) ബി.എസ്.ഇ.എസ്. (40.5 മെ.വാ) ബ്രഹ്മപുരം (106.6 മെ.വാ) എന്നീ താപ വൈദ്യുത പദ്ധതികളുടെയും പണി പൂർത്തിയായതോടെ സ്ഥാപിതശേഷി 2381. 60മെ.വാ ആയി ഉയർന്നിട്ടുണ്ട്. കേന്ദ്രവിഹിതമായി ശരാശരി 430 മെ.വാ. ലഭിക്കുന്നു. കുറ്റ്യാടി എക്സ്റ്റൻഷൻ (50മെ.വാ) ചെമ്പുകടവ് 1 (2.7 മെ.വാ) ഉള്ളുങ്കൽ (7 മെ.വാ) കുത്തുങ്കൽ (21 മെ.വാ) കാരിക്കയം (15 മെ.വാ) എന്നീ ജലവൈദ്യുത പദ്ധതികളും സ്വകാര്യ മേഖലയിൽ ബി.എസ്.ഇ. എസിന്റെ (76 മെ.വാ) താപ നിലയത്തിന്റേയും പണികൾ തൃപ്തികരമായി പുരോഗമിക്കുന്നു. കൂടാതെ ആതിരപ്പള്ളി (163 മെ.വാ), കുറ്റ്യാടി അഡി.എക്സ്റ്റൻഷൻ (100 മെ.വാ) നേരിയമംഗലം എക്സ്റ്റൻഷൻ (25 മെ.വാ)എന്നീ ജലവൈദ്യുത പദ്ധതികളും തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാർകൂടി-കാരപ്പാറ അനുമതി ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അനുബന്ധം XIII

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 83 (248) ന്റെ 'എ'&'ഡി' ഉത്തരം ദയവായി കാണുക]

എ&ഡി താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ (1 to4) പൂർത്തീകരിച്ചിട്ടുണ്ട്.

1. പൊരിങ്കൽകുത്ത് ലെഫ്റ്റു ബാങ്ക് എക്സ്റ്റൻഷൻ പദ്ധതി 16mw/74mv.
2. ലോവർ പെരിയാർ, 180 mw/ 493mv.
3. മാട്ടുപ്പെട്ടി 2 mw/ 64mv.
4. കക്കാട് 50 mw/ 262mv , മലമ്പുഴ 2.5mv.
5. കുറ്റിയാടി എക്സ്റ്റൻഷൻ 50 mw/ 75mv.
6. മലമ്പുഴ 2.5 mw/ 5.6 mv.
7. അഴുത ഡൈവർഷൻ 57 mv.

ആതിരപ്പള്ളി 163 MW. എന്നീ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ട ഊർജ്ജിത നടപടികൾ കൈക്കൊണ്ടുവരുന്നു. 18 ചെറുകിട ജലവൈദ്യുതി പദ്ധതികൾ (107 MV) ചൈനയുടെ പങ്കാളിത്തത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇവയിൽ 15 എണ്ണം കോഴിക്കോട് ജില്ലയിലും 3 എണ്ണം പത്തനംതിട്ട ജില്ലയിലുമാണ്. കൂടാതെ 28 MV ന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ബോർഡ് നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇവ മൂന്നെണ്ണം കണ്ണൂർ ജില്ലയിലും രണ്ടെണ്ണം തൃശ്ശൂർ ജില്ലയിലും രണ്ടെണ്ണം ഇടുക്കി ജില്ലയിലും ഒന്ന് കോഴിക്കോട് ജില്ലയിലുമാണ്. ഇവ കൂടാതെ 34 എണ്ണം സ്വകാര്യമേഖല, ജില്ലാപഞ്ചായത്ത് , മുനിസിപ്പാലിറ്റി തുടങ്ങിയവ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. (മൊത്തം 40. 03 MW). ഭാവിയിൽ വർദ്ധിച്ച് വരാവുന്ന ഊർജ്ജാവശ്യം നിറവേറ്റുന്നതിനും നിലവിലുള്ള ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാനും ജലവൈദ്യുതപദ്ധതികൾക്ക് പുറമേ താപവൈദ്യുത പദ്ധതികളും നടപ്പിലാക്കി വരുന്നു. ബ്രഹ്മപുരം (106.6 mw) കോഴിക്കോട് (120 mw) എന്നീ ഡീസൽ നിലയങ്ങൾ കമ്മിഷൻ ചെയ്തുകഴിഞ്ഞു. കേന്ദ്ര സെക്റ്ററിൽ കായംകുളത്ത് 350 mw താപനിലയം പൂർത്തിയായി കഴിഞ്ഞു. സ്വകാര്യ മേഖലയിൽ BSES -ന്റെ 157 mw താപനിലയം പൂർത്തിയായി വരുന്നു. കാസർഗോഡ് മൈലാട്ടിയിൽ 20mw ന്റെ താപനിലയത്തിൽ പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ കണ്ണൂരിൽ (513 mw), വൈപ്പിനിൽ (679 mw) എന്നീ താപനിലയങ്ങളും പരിഗണനയിലുണ്ട് . കൊച്ചിൻ റിഫൈനറിയുമായി സഹകരിച്ച് 500mw ന്റെ പദ്ധതിക്ക് വേണ്ട നടപടികളും പുരോഗമിക്കുന്നു. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണ വിപുലീകരണ ആധുനികവൽക്കരണ പണികളുടെ പ്രാരാംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. വൈദ്യുതോൽപ്പാദന മേഖലയിൽ കാപ്റ്റിപ്പ് പദ്ധതികൾ അനുവദിക്കുന്നുണ്ട്.

പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് വേണ്ടി താഴെ പറയുന്ന കാര്യങ്ങൾ. ചെയ്തുകഴിഞ്ഞിട്ടുണ്ട്.

1. പ്രസരണ വിതരണനഷ്ടം കുറയ്ക്കുന്നതിന് വേണ്ടി രണ്ട് 220 KV സബ് സ്റ്റേഷനുകളിലേയും എട്ട് 110 KV സബ് സ്റ്റേഷനുകളിലേയും പന്ത്രണ്ട് 66 KV സബ് സ്റ്റേഷനുകളിലേയും ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

2. പത്ത് സബ് സ്റ്റേഷനുകൾ അപ്പ് ഗ്രേഡ് ചെയ്യുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് അനുസരിച്ച് പത്തനംതിട്ട 66 KV സബ് സ്റ്റേഷൻ 110 KV ആയും തിരുമല 66 KV 110 KV ആയും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

3. ഏഴ് 66 KV ലൈനുകൾ 110 KV ലൈനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു. (196.26 km) ഇതിൽ രണ്ട് ലൈനുകളുടെ (32.59 Km) പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണി പുരോഗമിക്കുന്നു.

4. ഒൻപത് സബ് സ്റ്റേഷനുകളിലായി 200 MVAR കപ്പാസിറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വിതരണനഷ്ടം കുറയ്ക്കുന്നതിനുവേണ്ടിയുള്ള പഠനത്തിനായി എനർജി ഓഡിറ്റു നടപ്പാക്കാൻ തിരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുമല സബ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന ഒരു ലക്ഷത്തോളം ഉപഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

REC സഹായത്തോടുകൂടി 33kv സബ് ട്രാൻസ്മിഷൻ സിസ്റ്റം നടപ്പിലാക്കാനും അതുവഴി വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ നടപടികൾ മൂലം 95.96-ൽ 20.05% ആയിരുന്ന പ്രസരണവിതരണ നഷ്ടം 98.99-ൽ 17.75% ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. യു.എൽ.ഡി.സി.യുടെ പണികൾ പൂർത്തിയാക്കികൊണ്ടിരിക്കുന്നു. വൻതോതിൽ വൈദ്യുതി ഉപയോഗിക്കുന്ന ഫാക്ടറികളിൽ TOD മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും പ്രോൽസാഹനവും മുൻനിർത്തിയുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ നല്ല തണ്ണി എന്ന സ്ഥലത്ത് കാറ്റിൽ നിന്ന് 2MW വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പ്രോജക്ട് MNES സഹായത്തോടെ നടപ്പിലാക്കാൻ പദ്ധതിയുണ്ട്. സൗരോർജ്ജ പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ 25KVAയുടെ സൗരോർജ്ജപാനൽ സ്ഥാപിക്കുന്നതിന് അനർട്ടിന്റെ സഹായത്തോടെ നടപടികൾ പുരോഗമിക്കുന്നു.

അനുബന്ധം XIV

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 85 (250) ന്റെ 'എ' ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് വൈദ്യുതഉൽപ്പാദനശേഷി 31-3-1996-ൽ 1505.5 മെ.വാ. ആയിരുന്നത് 2301.6 മെ.വാ. ആയി ഉയർന്നിട്ടുണ്ട്. വൈദ്യുത പ്രസരണവിതരണ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1404 സർക്യൂട്ട് കി.മീ. 220 KV ലൈനും 396 സർക്യൂട്ട് കി.മീ. 110 KVലൈനും 121 സർക്യൂട്ട് കി.മീ. 66 KV ലൈനും പൂർത്തീകരിച്ചു. അഞ്ച് 220 KV സബ് സ്റ്റേഷനുകളും പതിനാറ് 110 KV സബ് സ്റ്റേഷനുകളും രണ്ട് 66 KV സബ് സ്റ്റേഷനുകളും കമ്മിഷൻ ചെയ്തു. വിതരണമേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സാമ്പത്തികവർഷം 1200 -ഓളം ഡ്രിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ 9-ാം പഞ്ചവത്സരപദ്ധതികാലത്ത് ശേഷിക്കുന്ന കാലയളവിൽ 38 KV സബ് സ്റ്റേഷനുകളും പതിമൂന്ന് 66 KV സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ വിവിധ ഫണ്ടിങ് ഏജൻസികളുടെ സഹായത്തോടെ ഒൻപത് 110 KV സബ് സ്റ്റേഷനുകളും, തൊണ്ണൂറ്റിയാറ് 33 KV സബ് സ്റ്റേഷനുകളും മറ്റു 9 സബ് സ്റ്റേഷനുകളിലായി 200 എം.വി. ആർ കപ്പാസിറ്ററുകളും സ്ഥാപിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly